# 2. കുട്ടിപ്പുര

അധ്യാപകന്റെ പേര് :

വിദ്യാലയത്തിന്റെ പേര് :

ക്ലാസ് :

വിഷയം :

സമയം :

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **കൊളാഷ് നിർമ്മാണം**<br>യൂണിറ്റിലേക്ക് പ്രവേശിക്കുന്നതിനുള്ള പ്രവേശ പ്രവർത്തനമായി കൊളാഷ് നിർമ്മാണം നൽകുന്നു. കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും മാസികകളിലെ കളർ പേജുകൾ, പശ, A4 പേപ്പർ, കത്രിക എന്നിവ നൽകുന്നു. ഐസിടി സാധ്യത ഉപയോഗിച്ച് വിവിധ തരം കൊളാഷുകൾ പ്രദർശിപ്പിക്കുന്നു. വീടും പരിസരവും എന്ന കൊളാഷ് നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ നൽകുന്നു. ഗ്രൂപ്പിൽ കൊളാഷ് തയ്യാറാക്കുന്നു. ടീച്ചർ തയ്യാറാക്കിയ കൊളാഷ് പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. മികച്ചത് കണ്ടെത്തുന്നു. പോരായ്മകൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുന്നു.<br><br>**ചിത്രവായന**<br>• TB page 22, 23 ലെ ചിത്രം ഐസിടി ഉപയോഗിച്ച് എൻലാർജ് ചെയ്ത് പ്രദർശിപ്പിക്കുന്നു<br>• ചിത്രത്തിൽ എന്തെല്ലാം ഉണ്ട്?<br>• ചർച്ച<br>• കുട്ടികളും സ്വയം പ്രതികരണം നടത്തുന്നു.<br>• നോട്ട് ബുക്കിൽ എഴുതുന്നു<br>• വായിക്കുന്നു<br>• ടീച്ചർ BB/ചാർട്ടിൽ എഴുതുന്നു<br>• മെച്ചപ്പെടുത്തി എഴുതുന്നു<br><br>വീടുകൾ, കുന്ന്<br>മരങ്ങൾ/ചെടികള്<br>തോട്, പാലം, വേലി, ഫ്ലാറ്റ്, ടെന്റ് | |

**പറയാമോ?**

- TB പേജ് 22, 23 ലെ ചിത്രം ഐസിടി ഉപയോഗിച്ച് എൻലാർജ് ചെയ്തത് പ്രദർശിപ്പിക്കുന്നു
- ചിത്രത്തിലെ എല്ലാ വീടുകളും ഒരു പോലെയാണോ?
- എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ട്?
- സ്വതന്ത്ര പ്രതികരണത്തിനുള്ള അവസരം നൽകുന്നു
- വീടുകളുടെ വലുപ്പത്തിൽ വ്യത്യാസം
- മേൽ ക്കൂരകൾ ഒരു പോലെയല്ല
- രണ്ടു നിലകളുള്ള വീടുകൾ ഉണ്ട്
- കൂടുതൽ നിലകളുള്ള വീടുകൾ കാണാം
- ഷീറ്റ് ഉപയോഗിച്ച് (ടാർപ്പായ) ഉണ്ടാക്കിയ വീടുകൾ ഉണ്ട് മേൽക്കൂരകൾ ഓട്, വാർക്ക, ഓല, ഷീറ്റ് എന്നിവ ഉപയോഗിച്ചുള്ളവയാണ്.

ടീച്ചർ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.

- ഫ്ലാറ്റിന്റെ ചിത്രം - ഐസിടി ഉപയോഗിച്ച് കാണിക്കുന്നു
- ഫ്ലാറ്റ്, ടെന്റ് എന്നിവ എന്താണെന്ന് ടീച്ചർ പറയുന്നു
- ഇതിൽ നിങ്ങളുടെ പരിസരത്തുള്ള വീടുകൾ ഏതെല്ലാം

  കുട്ടികളുടെ സ്വതന്ത്ര പ്രതികരണം
- കളിവീട്, (കളിപ്പന്തൽ) ഉണ്ടാക്കിയിട്ടുള്ള കുട്ടികൾ അനുഭവം വിശദീകരിക്കുന്നു.

**പാഠപുസ്തകവായന**

കുട്ടികൾ കളിവീടുണ്ടാക്കിയ അനുഭവം പറയുന്നു.

സാവിത്രിക്കുട്ടിയുടെ (TB page 24, 25, 26) അനുഭവം എന്താണെന്ന് അറിയുവാൻ കുട്ടികൾ സ്വതന്ത്രമായി വായിക്കുന്നു. മനസ്സിലാക്കിയ കാര്യങ്ങൾ പറയുന്നു. വായനയുടെ പ്രക്രിയാശേഷികൾ അനുസരിച്ച് പ്രവർത്തനം നടത്തുന്നു. കുട്ടിപ്പുര എന്ന പാഠഭാഗത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം? അവരെ വരയ്ക്കാമോ? പേരെഴുതണം. ഐസിടി ഉപയോഗിച്ച് അച്ഛൻ, സാവിത്രിക്കുട്ടി, വേലു എന്നിവരെ വരച്ച് താഴെ പേരെഴുതുന്നു.

HB page 187 – ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം, പറയാം.. പ്രവർത്തനം

കുട്ടികൾ 2 ഗ്രൂപ്പുകളാകുന്നു. ചോദ്യങ്ങൾ തയ്യാറാക്കുന്നു.

| | |
|---|---|
| ചോദ്യങ്ങൾ പരസ്പരം ചോദിക്കുന്നു.<br><br>HB page 138 – പരിചയമില്ലാത്ത വാക്കുകൾ കണ്ടെത്തി അടിയിൽ വരയ്ക്കുന്നു.<br><br>ഉദാഹരണത്തിലൂടെ അർത്ഥം ഊഹിക്കാൻ ആവശ്യപ്പെടുന്നു<br><br>താഴെ നൽകിയിരിക്കുന്ന പദങ്ങൾ കുട്ടിയുടെ ശ്രദ്ധയിൽ വരുന്ന വിധത്തിൽ ICT സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.<br><br>**ഉമ്മറത്തേക്ക്** - മിനിക്കുട്ടി രാവിലെ എഴുന്നേറ്റ് ഉമ്മറത്തേക്ക് വന്നു<br><br>**അക്ഷമയോടെ** - അച്ഛൻ സമ്മാനപ്പൊതി തുറക്കുന്നത് അക്ഷമയോടെ കാത്തു നിന്നു.<br><br>**ധൃതിയായി** - അച്ഛൻ സമ്മാനപ്പൊതിയിൽ എന്താണെന്നറിയാൻ മിനിക്കുട്ടിക്ക് ധൃതിയായി.<br><br>**സങ്കൽപത്തിൽ** - ഉടുപ്പാണെന്ന സങ്കൽപ്പത്തിലാണ് പൊതി തുറന്നത്.<br><br>**ഏറിയാൽ** - സമ്മാനത്തിന് ഏറിയാൽ 500 രൂപ<br><br>**വരാന്ത, പെരുമഴ** – സമ്മാനവുമായി മിനിക്കുട്ടി വരാന്തയിൽ ഇരുന്നപ്പോൾ പെരുമഴ വന്നു.<br><br>**കലവറ** – മിനിക്കുട്ടിയുടെ പിറന്നാളാഘോഷത്തിനുള്ള സാധനങ്ങൾ കലവറയിൽ നിറഞ്ഞു.<br><br>**പരാതി** - മിനിക്കുട്ടിയുടെ പിറന്നാളിന് അപ്പുവിന് ഉടുപ്പ് വാങ്ങാത്തതിൽ അവൻ പരാതി പറഞ്ഞു.<br><br>**കൈമലർത്തി** - അപ്പു അച്ഛന്റെ പോക്കറ്റിൽ നിന്നും പണം എടുത്തോ എന്നു ചോദിച്ചപ്പോൾ അപ്പു കൈമലർത്തി.<br><br>**അപേക്ഷിച്ചപ്പോൾ** - അപ്പു അച്ഛനോട് എന്നെ തല്ലരുത് എന്ന് അപേക്ഷിച്ചു.<br><br>**സംഭാഷണം**<br>TB page 36, 37 ലെ സംപ്രേഷണം എഴുതാം എന്ന പ്രവർത്തനം കുട്ടിപ്പുരയെക്കുറിച്ച്<br>ഗോകുൽ - സാവിക്കുട്ടി തമ്മിലുള്ള സംഭാഷണം വ്യക്തിഗതമായി എഴുതുന്നു.<br>അവതരിപ്പിക്കുന്നു.<br><br>ടീച്ചർ ശബ്ദവ്യതിയാനം, ഭാവം എന്നിവയോടെ ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു. (ഐസിടി സംഭാഷണം - ആഡിയോ) കേൾപ്പിക്കുന്നു. കുട്ടികൾ മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു. നോട്ടുബുക്കിൽ എഴുതുന്നു. | |

സംഭാഷണം - ആഡിയോ

സാവിത്രിക്കുട്ടി - ഗോകുൽ, ഞായറാഴ്ച്ചനീ എന്റെ വീട്ടിൽ വരണം

ഗോകുൽ - എന്താ, സാവിത്രിക്കുട്ടീ വിശേഷം?

സാവിത്രിക്കുട്ടി - എന്റെ കുട്ടിപ്പുര കാണാൻ എല്ലാവരെയും ക്ഷണിക്കുന്നുണ്ട്

ഗോകുൽ - കുട്ടിപ്പുര നീ തനിച്ചാണോ ഉണ്ടാക്കിയത്

സാവിത്രിക്കുട്ടി - അല്ല, വേലുവാണ് ഉണ്ടാക്കിയത്

ഗോകുൽ - കുട്ടിപ്പുരയിൽ സൗകര്യങ്ങൾ എന്തൊക്കെയുണ്ട്?

സാവിത്രിക്കുട്ടി - എല്ലാം മരം കൊണ്ടുണ്ടാക്കിയ മനോഹരമായ കുട്ടിപ്പുരയാണ്.

ഗോകുൽ - ശരി, ഞാൻ ഞായറാഴ്ച തന്നെ വരാം

സാവിത്രിക്കുട്ടി - ഞാൻ നിന്നെ കാത്തിരിക്കും

**കഥപറയാം**

കുട്ടിപ്പുര എന്ന പാഠഭാഗത്തെ വായന പ്രക്രിയ അനുസരിച്ചുള്ള അവതരണശേഷം, ആശയഗ്രഹണത്തിനുവേണ്ടിയുള്ള ചോദ്യങ്ങൾ തയ്യാറാക്കാം എന്ന പ്രവർത്തനം നൽകുന്നു. ഈ കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം?

സാവിത്രിയുടെ കുട്ടിപ്പുരയിൽ എന്തെല്ലാം വേണമെന്നാണ് പറയുന്നത്?

കുട്ടിപ്പുരയിൽ ആരെല്ലാം വേണമെന്നാണ് സാവിത്രി പറഞ്ഞത്?

ഇത്തരത്തിലുള്ള ചോദ്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.ഉത്തരം പറയുന്നു.

ടീച്ചർ വേർഷൻ - കൂടുതൽ ചോദ്യങ്ങൾ അവതരിപ്പിക്കുന്നു.

**പറയാം എഴുതാം**

പറയാം എഴുതാം (TB page 32) – വിവരണം - സാവിത്രിയുടെ കുട്ടിപ്പുര . TB page 29 ഐസിടി ഉപയോഗിച്ച് എൻലാർജ് ചെയ്ത് കാണിക്കുന്നു.

കഥാവായന – വ്യക്തിഗതം

- ടീച്ചറും കുട്ടികളും ചേർന്ന് ഉറക്കെ വായന - റിലേ വായന
- ചെറിയ ചോദ്യങ്ങളുടെ നിർമ്മാണം (HB page 112)
- ആശയഗ്രഹണം നടന്നുവോ എന്ന് വിലയിരുത്തൽ
- ടീച്ചറുടെ ഉറക്കെ വായന വീണ്ടും നടത്തുന്നു.

കൂടുതൽ ചോദ്യങ്ങൾ നിർമ്മിക്കാനും. ചോദിക്കാനുമുള്ള അവസരം നൽകുന്നു.

വ്യക്തിഗതമായി സ്വന്തം വാക്യത്തിൽ സാവിത്രിയുടെ കുട്ടിപ്പുരയെക്കുറിച്ച് വിവരണം തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചാർട്ടിൽ ഗ്രൂപ്പിന്റെ രചന തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. ശരാശരി നിലവാരമുള്ള ഒരെണ്ണം എഡിറ്റിംഗ് നടത്തുന്നു. അക്ഷരത്തെറ്റുകൾ, ആവർത്തിക്കുന്ന പദങ്ങൾ, വാക്യ ഘടന, ചിഹ്നം എന്നിവ എഡിറ്റിംഗിന് വിധേയമാക്കുന്നു. എഡിറ്റിംഗിനു ശേഷം ചാർട്ടിൽ എഴുതുന്നു. കുട്ടി നോട്ട്ബുക്കിൽ രേഖപ്പെടുത്തിയത് വായിക്കുന്നു. എഴുതുന്നു.

**അഭിനയിക്കാം**

**പ്രവർത്തന ഘട്ടം 1**

അഭിനയിക്കാം (TB page 27) ക്ലാസിനെ പല ഭാഗങ്ങളിലായി തോർത്ത്/ഷാൾ, പുസ്തകം/ചിരട്ട, വടി, പ്ലേറ്റ് തുടങ്ങിയ വസ്തുക്കൾ വയ്ക്കുന്നു.

Tb യിൽ ഉള്ള കളികൾ - ചോറും കറിയും കളി. ടീച്ചറും കുട്ടികളും കളി. ഈ കളിയിൽ വേണ്ട ആളുകൾ തീരുമാനിക്കുന്ന . വേണ്ട സാമഗ്രികൾ ഏതെല്ലാം. കുട്ടികളെ 2 ഗ്രൂപ്പുകളാക്കുന്നു. കളിയിൽ ഒരോ ഗ്രൂപ്പും ഏർപ്പെടുന്നു. മെച്ചപ്പെടുത്താനുള്ള ചർച്ച. ടീച്ചറും കുട്ടികളും ചേർന്ന് കളിക്കുന്ന

തുടർന്ന് ടീച്ചർ, കൃഷിക്കാരൻ/ഡ്രൈവർ/പത്രക്കാരൻ/വസ്ത്രം അലക്കുന്നു/ ഫോൺ ചെയ്യുന്നു/മുറ്റം വൃത്തിയാക്കുന്ന തുടങ്ങിയവ എഴുതിയ നറുക്കുകൾ തയ്യാറാക്കുന്നു. ഓരോ കുട്ടിയും നറുക്കെടുത്ത്, നിർദ്ദേശമനുസരിച്ച് അഭിനയിച്ച് കാണിക്കുന്നു. വിലയിരുത്തുന്നു. ഓരോവിഭാഗം ആളുകളുടെയും ജോലികൾ വീഡിയോ ക്ലിപ്പിംഗ് ആയി കാണിക്കുന്നു.

- കൃഷിക്കാരൻ -നിലം ഉഴുന്നു, വിത്തു വിതക്കുന്നു,
- ഡ്രൈവർ
- പത്രക്കാരൻ
- മുറ്റം വൃത്തിയാക്കുന്നവർ
- ഫോൺ ചെയ്യുന്ന ആൾ
- വസ്ത്രം അലക്കുന്നവൻ

TB page 27 ലെ അഭിനയക്കളികൾ പൂരിപ്പിക്കുന്നു.

വേഷം എന്ത് ? കുട്ടിപ്പുരയിൽ ആരെല്ലാം ഉണ്ട് ? വേഷം ഒരു പോലെയാണോ ? ചർച്ച. വായിച്ചു കണ്ടെത്തുന്നു.

വേഷം എന്ത് - വർക്ക്ഷീറ്റ് നൽകുന്നു. വ്യക്തിഗതമായി പൂരിപ്പിക്കുന്നു (TB യിൽ)

**എന്റെ വീടിന്റെ പേര്**

കുട്ടിപ്പുരയുടെ മുൻവശത്ത് എഴുതിയ പേര് പറയുന്നു. പ്രസാദം എന്ന അക്ഷരം ആവർ

ത്തിച്ച വരുന്ന പദങ്ങൾ കണ്ടെത്താൻ പറയുന്നു. (പദങ്ങളുടെ ആദ്യം, മധ്യം, അവസാനം) എന്നിവയിൽ പ്ര വരുന്ന പദങ്ങൾ കണ്ടെത്തുവാൻ പറയുന്നു. ഗ്രൂപ്പുകളാക്കുന്നു. പദങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു. ഐസിടിയിൽ പ്രദർശിപ്പിക്കുന്നു.

പ്രഭാതം, ഏപ്രിൽ, പ്രകാശം, നിഷ്പ്രയാസം, പ്രവൃത്തി, ഇപ്രാവശ്യം
പ്രിയം, അരിപ്രാവ് , പ്രിൻസ് , വെപ്രാളം, കൊപ്ര, അമ്പലപ്രാവ്, ഇപ്രകാരം

കുട്ടികൾ മെച്ചപ്പെടുത്തി എഴുതുന്നു. പ്ര എന്ന അക്ഷരം വരുന്ന വായനാ സാമഗ്രി ടീച്ചർ അവതരിപ്പിക്കുന്നു.

പ്രഭാതമായി എങ്ങു സൂര്യപ്രകാശം പരന്നു. പ്രിയമോൾ ഉണർന്നു. ഉമ്മറത്തേക്ക് വന്നു. അതാ മുറ്റത്ത് രണ്ട് അരിപ്രാവുകൾ


പ്ര വരുന്ന വാക്കുകൾ ചേർത്ത് വാക്യം പറയുന്നു. എഴുതുന്നു. നോട്ട്ബുക്കിൽ എഴുതുന്നു. വീട്ടുപേരുള്ളവർ പേര് പറയുന്ന കൂട്ടുകാരുടെ വീട്ടു പേരുകൾ എഴുതുന്നു.

**വിശേഷണങ്ങൾ ചേർക്കാം**

TB page 34 ലെ വിശേഷണങ്ങൾ ചേർക്കാനുള്ള പ്രവർത്തനം പൂരിപ്പിക്കാൻ പറയുന്നു.
സാരിഎന്ന പദത്തെ വിശേഷിപ്പിക്കുന്ന പദമാണ് മഞ്ഞ എന്ന് തിരിച്ചറിയുന്നു.
അതുപോലെ..... വസ്ത്രം...... ചെമ്പകം, പദങ്ങൾ കണ്ടെത്താൻ പറയുന്നു.
(നനുത്ത, നനഞ്ഞ, ഭംഗിയുള്ള, പൊൻപൂക്കൾ നിറഞ്ഞു നിൽക്കുന്ന , നല്ല സുഗന്ധമുള്ള)

കുട്ടികൾ പറയുന്ന പദങ്ങൾ BB യിൽ എഴുതുന്നു

ഉചിതമായ പദങ്ങൾ തെരഞ്ഞെടുത്ത് പൂരിപ്പിക്കുന്നു. ചാർട്ടിൽ എഴുതുന്നു. ഇതുപോലെ ഒരു വാക്കിനെ വിശേഷിപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു.




തുണി എന്ന വാക്കിനെ വിശേഷിപ്പിക്കുന്ന പദങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു.

മെച്ചപ്പെടുത്തി എഴുതുന്നു. നോട്ട്ബുക്കിൽ എഴുതുന്നു.

**ചിഹ്നങ്ങൾ ചേർത്ത് എഴുതാം.**

TB പേജ് 34 ലെ പ്രവർത്തനം. TB യിലെ വാക്യങ്ങൾ ഊഹിച്ച് വായിക്കാൻ ആവശ്യപ്പെടുന്നു. കുട്ടികൾ ചിഹ്നങ്ങൾ ചേർത്ത് എഴുതുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. TB page 34 ലെ ചിഹ്നങ്ങൾ ചേർത്ത് എഴുതാം. ഐസിടി ഉപയോഗിച്ച് ഡിസ്പ്ലെ ചെയ്യുന്നു.

| |
|---|
| ചിഹ്നം ചേർത്ത് എഴുതിയത് |
| രാത്രി, കളിമുറി, വരാന്തയും, സുന്ദരമായ, ഊണുമുറിയും, കുട്ടിപ്പുര, സ്വപ്നം |

**എത്ര പദങ്ങൾ**

TB പേജ് 37 ലെ എത്ര പദങ്ങൾ എന്ന പ്രവർത്തനം വീടുമായി ബന്ധപ്പെട്ട് കുട്ടികൾക്കറിയാവുന്ന പദങ്ങൾ. നോട്ട ബുക്കിൽ എഴുതുന്നു.

- വീട് നിർമ്മാണ വസ്തുക്കൾ
- വീട്ടിലെ മുറികൾ / ഭാഗങ്ങൾ
- വീട്ടിലെ ജോലികൾ
- വീട്ടിലെ ഉപകരണങ്ങൾ
- അവതരിപ്പിക്കുന്നു
- ടീച്ചർ വിലയിരുത്തുന്നു
- BB യിൽ എഴുതുന്നു
- TB യിൽ നിശ്ചിത സ്ഥാനത്ത് എഴുതുന്നു

**നാടൻ പാട്ട്**

നാടൻ പാട്ട് TB പേജ് 40 ലെ പ്രവർത്തനം. ഏലഞ്ചേലഞ്ചോ എന്ന നാടൻ പാട്ട്. കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഈണം നൽകുന്നു. അവതരിപ്പിക്കുന്നു. മെച്ചമായ രീതിയിൽ അവതരിപ്പിച്ച ഗ്രൂപ്പിനെ കണ്ടെത്തുന്നു.

ഐസിടി - നാടൻ പാട്ടുകളുടെ ആഡിയോ കേൾപ്പിക്കുന്നു. ആഡിയോ ഈണത്തിനനുസരിച്ച് അവതരിപ്പിക്കുന്നു.

**ക്ഷണക്കത്ത് തയ്യാറാക്കാം**

TB page 35 ക്ഷണക്കത്ത് തയ്യാറാക്കാം. ഗ്രൂപ്പുകളാക്കുന്നു. വിവിധതരം ക്ഷണക്കത്തുകൾ - ഒരു ഗ്രൂപ്പിന് ഒന്നു കിട്ടത്തക്കവിധം കൊടുക്കുന്നു. (വിവാഹം,

ഗൃഹപ്രവേശം, ഉദ്ഘാടനം തുടങ്ങിയവ). ഓരോ ഗ്രൂപ്പും കിട്ടിയ ക്ഷണക്കത്തിനെക്കുറിച്ച് ചർച്ച. ക്ഷണക്കത്തിന്റെ പ്രത്യേകതകൾ പറയുന്നു. തുടർന്ന് TB page 35 ലെ ആഖ്യാനം വായിക്കുന്നു.

ക്ഷണക്കത്തിന്റെ വിവിധ മാതൃകകൾ ഐസിടിയിൽ പ്രദർശിപ്പിക്കുന്നു. ക്ഷണക്കത്തിൽ എന്തൊക്കെ ഉണ്ടാകണമെന്ന് ചർച്ച ചെയ്യുന്നു

- തീയതി
- സ്ഥലം
- വീടിന്റെ പേര്
- ക്ഷണിക്കുന്ന ആൾ
- എവിടേക്ക് ക്ഷണിക്കുന്നു
- എന്താവശ്യത്തിന്

സാവിത്രിക്കുട്ടിയുടെ ഗൃഹപ്രവേശത്തിന്റെ ക്ഷണക്കത്ത് വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തി എഴുതൽ. എഡിറ്റിംഗ്.

**കടങ്കഥകൾ**

വീട്ടുപകരണങ്ങൾ /വീട് എന്നിവയുമായി ബന്ധപ്പെട്ട കടംകഥകൾ ഉള്ള ബാലമാസികകൾ, മറ്റു വായനാസാമഗ്രികൾ നൽകുന്നു. ഗ്രൂപ്പിൽ വായനാ സാമഗ്രികൾ കൊടുത്ത് കടംകഥകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ BB യിൽ ചാർട്ടിൽ എഴുതുന്നു. ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു

TB യിലെ കടംകഥയ്ക്ക് ഉത്തരം കണ്ടെത്തുന്നു. കുട്ടികൾ നോട്ട് ബുക്കിൽ എഴുതുന്നു.

**പറയാമോ ?**

സവിശേഷതകൾ പറയാം (പേജ് 38)

TB page 22, 23 ലെ ചിത്രം ഐസിടി ഉപയോഗിച്ച് enlarge ചെയ്ത് പ്രദർശിപ്പിക്കുന്നു.

ചിത്രത്തിൽ എത്രതരം വീടുകളുണ്ട്.

എല്ലാ വീടുകളും ഒരു പോലെയാണോ ? വ്യത്യാസങ്ങൾ എന്തെല്ലാം ? ചർച്ച ചെയ്യുന്നു . അവതരിപ്പിക്കുന്നു.

**ക്രോഡീകരണം**
പലതരം വീടുകൾ
ഓല
ഓട്
വാർക്ക (കോൺക്രീറ്റ്)
പുല്ല്
ടാർപ്പായ
പോളിത്തീൻ ഷീറ്റ്
കുടിൽ (ടെന്റ്)
ഫ്ലാറ്റ് (വാർക്ക)
വൈക്കോൽ

**ക്രോഡീകരണം**
**ടീച്ചർ വെർഷൻ**
വീടുകൾ പലതരമുണ്ട്. വലുപ്പം, മേൽക്കൂര വ്യത്യസ്ഥമാണ്. ഓട്, വാർക്ക (കോൺക്രീറ്റ്) ഓല, പുല്ല്, പ്ലാസ്റ്റിക് ഷീറ്റ് എന്നിവ കൊണ്ട് മേൽക്കൂര ഉണ്ടാക്കുന്നു. അടുക്കള കിടപ്പുമുറി എന്നിവ പൊതുവായി മിക്ക വീടുകൾക്കും ഉണ്ട്.

വീടിന്റെ വലുപ്പത്തിൽ വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് പറയുന്നു. സൗകര്യങ്ങളിൽ വരാന്ത, കിടപ്പുമുറി, സ്വീകരണ മുറി, അടുക്കളമുറികളുടെ പ്രയോഗത്തിൽ വ്യത്യാസം വീട് നിർമ്മാണ സാമഗ്രികളിൽ

- ഭിത്തി - മണ്ണ്, കല്ലാ, ഓല, ഷീറ്റ്
- മേൽക്കൂര – ഓട്, കല്ല്, കോൺക്രീറ്റ്, പുല്ല്
- വൈക്കോൽ, പ്ലാസ്റ്റിക് ഷീറ്റ്

വീടുകളുടെ സാമ്യങ്ങൾ ചർച്ചചെയ്യുന്നു. അവതരിപ്പിക്കുന്നു.

- എല്ലാ വീടുകൾക്കും മേൽക്കൂര ഉണ്ട്
- വീടുകൾക്ക് ഭിത്തി ഉണ്ട്
- ആവശ്യങ്ങൾക്കാണ് മുറികൾ.

വീടുകളുടെ സവിശേഷതകളും തമ്മിലുള്ള വ്യത്യാസങ്ങളും നോട്ടു ബുക്കിൽ എഴുതുന്നു.

**<u>വീടു വരയ്ക്കാം നിറം നൽകാം</u>**

ചതുരം, ത്രികോണം, വൃത്തം തുടങ്ങിയ രൂപങ്ങൾ ഉപയോഗിച്ച് പരിചിതമായ ചിത്രങ്ങൾ നിര്മ്മിക്കുന്നതിനെ ക്കുറിച്ച് ചർച്ച ചെയ്യുന്നു. ഇവ ഉപയോഗിച്ച് എങ്ങനെ വീടു വയ്ക്കുക. കുട്ടി, സ്വതന്ത്രമായി വരയ്ക്കുന്നു. നിറം നല്കുന്നു

ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. മികച്ച ചിത്രത്തിന്റെ സവിശേഷതകൾ പറയുന്നു.

| |
|---|
| മികച്ച ചിത്രം, സൂചകങ്ങൾ, യോജിച്ച നിറങ്ങൾ, കൃത്യത, സൂക്ഷ്മത, ആകൃതി ഭംഗി, ആകർഷണീയത |

കുട്ടിയുടെ മനോഭാവത്തിനനുസരിച്ച് ചിത്രം വരയ്ക്കുന്നു. A4 ൽ വരച്ച വീടുകൾ - പതിപ്പാക്കൽ. ഐസിടി സാധ്യത ഉപയോഗിച്ച് വിവിധ വീടുകൾ വരച്ച് നിറം നൽകിയത് പ്രദർശിപ്പിക്കുന്നു.

**<u>മുറിയുടെ ഉപയോഗം എഴുതാം.</u>**

നിങ്ങളുടെ സ്വപ്നത്തിലെ വീട് എങ്ങനെയുള്ളതാകണമെന്ന് ടീച്ചർ ചോദിക്കുന്നു.

(എന്തെല്ലാം സൗകര്യങ്ങൾ)

കുട്ടികൾ സ്വതന്ത്ര പ്രതികരണം നടത്തുന്നു. ഓരോ മുറിയുടെയും ആവശ്യകത പറയുന്നു. ടീച്ചർ BB/ചാർട്ടിൽ രേഖപ്പെടുത്തുന്നു.

വരാന്ത, സ്വീകരണ മുറി, കിടപ്പുമുറികൾ, ഭക്ഷണം കഴിക്കാനുള്ള, മുറി, കലവറ, അടുക്കള, കക്കൂസ്, കുളിമുറി

നോട്ട്ബുക്കിൽ എഴുതുന്നു. Tb പേജ് 27 ലെ മുറിയുടെ ഉപയോഗങ്ങൾ എന്ന പ്രവർത്തനം ചെയ്യുന്നു.

കുട്ടിയുടെ സ്വതന്ത്ര പ്രതികരണം. നോട്ട്ബുക്കിൽ എഴുതുന്നു. TB പേജ് 39 ലെ ചിത്രങ്ങൾ ഐസിടി ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു. ഓരോ മുറിയുടെ ഉപയോഗവും അതിൽ വേണ്ട വസ്തുക്കളും കുട്ടികൾ പറയുന്നു.

നോട്ട് ബുക്കിൽ എഴുതുന്നു. അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തി എഴുതുന്നു.

കിടപ്പുമുറി - ചിത്രം
വിശ്രമിക്കാനും, ഉറങ്ങാനും കിടപ്പുമുറി ഉപയോഗിക്കുന്നു കട്ടിൽ, മേശ, അലമാര എന്നിവ മുറിയിൽ ഉണ്ട്. കാറ്റും വെളിച്ചവും കടക്കാൻ ജനലുണ്ട് മുറിക്ക് വാതിലുണ്ട്.

അടുക്കള – ചിത്രം
ആഹാരം പാകം ചെയ്യുന്നതിന് ഉപയോഗിക്കുന്നു. പാചകത്തിനാവശ്യമായ നിരവധി പാത്രങ്ങൾ ഉണ്ട്. പാചകം എളുപ്പമാക്കുന്നതിനുള്ള ഉപകരണങ്ങൾ ഗ്യാസ് സ്റ്റൗ മിക്സി, എന്നിവയും, സാധനങ്ങൾ ഇട്ടു സൂക്ഷിക്കുന്നതിനുള്ള പാത്രങ്ങളും അടുക്കളയിൽ ഉണ്ട്.

കുളി മുറി - ചിത്രം
കുളിക്കുന്നതിന് ഉപയോഗിക്കുന്ന ബക്കറ്റ്, മഗ്ഗ്, ടാപ്പുകൾ എന്നിവ കുളിമുറിയിൽ വേണം കുളിക്കാൻ ഉപയോഗിക്കുന്ന സോപ്പ് മറ്റു വസ്തുക്കൾ കുളിമുറിയിൽ സൂക്ഷിക്കണം

ഇതുപോലെ മറ്റു മുറികളും അവയുടെ ഉപയോഗവും കുട്ടികൾ ചർച്ച ചെയ്യുന്നു.

- സ്വീകരണ മുറി
- ഭക്ഷണം കഴിക്കുന്നതിനുള്ള മുറി
- കലവറ

അവതരിപ്പിക്കുന്നു. നോട്ടുബുക്കിൽ എഴുതുന്നു. തുടർന്ന് HB പേജ് 158 ലെ വീടിന്റെ ഭാഗങ്ങൾ തുടർ പ്രവർത്തനവുമായി നൽകുന്നു. (വർക്ക്ഷീറ്റ്) - ഐസിടി പ്രദർശിപ്പിക്കുന്നു.

**ഒളിഞ്ഞിരിക്കുന്നവയെ കണ്ടെത്താം**

വീട്ട നിർമ്മിക്കാം - TB പേജ് 31 ലെ പ്രവർത്തനം. ത്രിമാന രൂപത്തിലുള്ള വീട് ഉണ്ടാക്കുന്നതിന്റെ ഘട്ടങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് അവതരിപ്പിക്കുന്നു. ചിത്രവും - നിർദ്ദേശവും ആനിമേഷൻ ഉപയോഗിച്ച് ചെയ്യുന്നു. ചതുരാകൃതിയിലുള്ള കടലാസ് നൽകുന്നു രണ്ടായി മടക്കുന്നു. നിവർത്തിയശേഷം രണ്ടറ്റവും മധ്യഭാഗത്തെ മടക്കു വരയിലേക്കു മടക്കുന്നു വീണ്ടും കടലാസ് നിവർത്തി വെച്ച് ഇതേ രീതിയിൽ എതിർ വശത്തേക്ക് മടക്കുന്നു. കടലാസിൽ 16 സമചതുരങ്ങൾ രൂപപ്പെടുന്നു. കടലാസ് രണ്ടായി മടക്കുന്നു. തുറന്ന അറ്റത്ത് 3 മടക്കുകളും, പകുതി ഭാഗം വരെ കത്രിക കൊണ്ട് മുറിക്കുക. മുറിച്ച ഒരു ഭാഗത്തെ നടുവിലുള്ള രണ്ടു ചതുരങ്ങളും ഒന്നിനു മുകളിൽ ഒന്നു പൂർണമായും കയറി നിൽക്കുന്ന വിധം ഒട്ടിച്ചു വക്കുക. ഇതു പോലെ എതിർ വശത്തും ചെയ്യുക. ഇനി ഓരോ വശത്തും ബാക്കി നിൽക്കുന്ന രണ്ട് ചതുരങ്ങളും നേരെ നിൽക്കും വിധം ഒട്ടിക്കുക. വാതിൽ, ജനൽ എന്നിവ നിറമുള്ള കടലാസുകൊണ്ട് ഒട്ടിച്ചു ചേർക്കുകയോ വരയ്ക്കുകയോ ചെയ്യാം.

വിലയിരുത്തൽ - സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു.

- നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്
- മടക്കുകളുടെ കൃത്യത
- ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലുള്ള കൃത്യത/വൈദഗ്ധ്യം
- ഉല്പന്നത്തിന്റെ ആകർഷണീയത
- ഉല്പന്നത്തിന്റെ പൂർണത

**എന്തൊക്കെ ചായങ്ങൾ**

TB പേജ് 29 ലെ ചിത്രം (കുട്ടിപ്പുര) നോക്കി ഓരോ ഭാഗത്തിനും കൊടുത്തിരിക്കുന്ന നിറം എഴുതുന്നു.

മേൽക്കൂര - ചെഞ്ചായം (ചുവന്ന ചായം)

ചുവർ - വെളുപ്പ്

നിലം - കറുപ്പ്

വാതിൽ - നീലച്ചായം നോട്ടുബുക്കിലും, TB പേജ് 30 ലും എഴുതുന്നു

**വീട്ട നിർമിക്കാം**

TB പേജ് 33 ലെ കളങ്ങൾ പരിശോധിച്ച്, അതിൽ വീട് നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ കണ്ടെത്തുന്നു.

- വ്യക്തിഗതമായി കണ്ടെത്തുന്നു

- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു

- ക്രോഡീകരണം നടത്തുന്നു

- മുഴുവൻ വസ്തുക്കളുടെയും പേരുകൾ കണ്ടെത്തുവാൻ കഴിഞ്ഞുവോ

- എന്തെങ്കിലും പ്രത്യേകത ഉണ്ടോ? കണ്ടെത്തിയ പദങ്ങൾ നോട്ടുബുക്കിൽ (ടീച്ചർ വേർഷൻ)

| | |
|---|---|
| മുള<br>കരിങ്കല്ല്<br>സിമന്റ് | മരം<br>ടൈൽസ്<br>കല്ല്<br>ഇഷ്ടിക<br>മണ്ണ്<br>ഓല<br>പെയിന്റ്<br>ഓട്<br>വെള്ളം<br>കമ്പി |

**തരം തിരിക്കാം**

കളിൽ കൊടുത്ത പ്രവർത്തനത്തിൽ നിന്ന് വീട് നിർമ്മിക്കുന്നതിനുള്ള വസ്തുക്കൾ തിരിച്ചറിഞ്ഞു ഓരോ വസ്തുവും, വീടിന്റെ ഏതുഭാഗം ഉണക്കാൻ ഉപയോഗിക്കുന്നുവെന്ന് പട്ടികപ്പെടുത്തുന്നു

- Tb പേജ് 34 ലെ പട്ടിക വ്യക്തിഗതമായി എഴുതുന്നു

- അവതരിപ്പിക്കുന്നു

- ക്രോഡീകരിച്ച് മെച്ചപ്പെടുത്തുന്നു.

ടീച്ചർ വേർഷൻ

| മേൽക്കൂര | ചുവർ | തറ |
|---|---|---|
| ഓട് | മണ്ണ് | ടൈൽസ് |

| | | |
|---|---|---|
| ഓല<br><br>ഇലകൾ | കരിങ്കല്ല്<br><br>ഇഷ്ടിക<br><br>കല്ല് | മണ്ണ്<br><br>സിമന്റ് |

**വൃത്തിയുള്ള പരിസരം**

നല്ല വീടിനുള്ള പ്രത്യേകതകൾ എന്തെല്ലാമാണ്?

നിങ്ങളുടെ വീട് വൃത്തിയുള്ളതാണോ? TB പേജ് 38 ലെ പട്ടിക വ്യക്തിഗതമായി വായിക്കുന്നു. കുട്ടികളുടെ വീടുമായി ബന്ധപ്പെടുത്തി പട്ടിക പൂർത്തീകരിക്കുന്നു. ഒരു നല്ല വീടിന്റെ സവിശേഷതകൾ ചർച്ച. അവതരിപ്പിക്കുന്നു. നോട്ടുബുക്കിൽ എഴുതുന്നു.

| |
|---|
| ക്രോഡീകരണം<br>വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ വീട്ടിലെ എല്ലാ അംഗങ്ങളും ശ്രദ്ധിക്കുകയും സഹകരിക്കുകയും വേണം |

വീടിന്റെ ആവശ്യകത ചർച്ച ചെയ്യുന്നു. അവതരിപ്പിക്കുന്നു.

ജന്തുക്കളിൽ നിന്നും, കള്ളന്മാരിൽ നിന്നും എങ്ങനം രക്ഷനേടാൻ മഴ, വെയിൽ, കാറ്റ് ഇവയിൽ നിന്നും എങ്ങനെ രക്ഷ കിട്ടും.

ക്രോഡീകരണം - ടീച്ചർ വേർഷൻ

| |
|---|
| വീടിന്റെ ആവശ്യകത - കാറ്റ്, മഴ, വെയിൽ ജന്തുക്കൾ കള്ളന്മാർ സുരക്ഷയ്ക്ക് |

എല്ലാവർക്കും സുരക്ഷിതമായ വീട് ആവശ്യമാണ്.

അധ്യാപകന്റെ ഒപ്പ്

**രണ്ടാം ക്ലാസ് സമഗ്ര ടീച്ചിങ് മാന്വലിനായി താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക**

**For Samagra TM Click here**